## വഹ്ഹാബിസം-5



# റബ്ബും ഇലാഹും ഒന്നുതന്നെ

ഇസ്‌ലാമിന്റെ അടിത്തറയായ തൗഹീദിനെ സംബന്ധിച്ച വഹ്ഹാബിസത്തിന്റെ കാഴ്ചപ്പാടിലെ വൈകല്യങ്ങൾ ഇനി വിവരിക്കാം. പ്രസ്ഥാന ആശാന്റെ കൃതികളിൽ നിന്നുദ്ധരിച്ച് കഴിഞ്ഞ ലക്കത്തിൽ നമ്പറിട്ടു കുറിച്ച ഭാഗങ്ങൾ വിശകലനം ചെയ്യുന്ന രീതിയാണ് സ്വീകരിക്കുന്നത്. ഇതാണു സാധാരണ വായനക്കാർക്കുപകാരപ്രദമെന്നു തോന്നുന്നു. ആറു നമ്പറുകളിലാണ് വഹ്ഹാബീ തൗഹീദിനെ നാം സംക്ഷിപ്തമായുദ്ധരിച്ചത്. അതിലെ ഒന്നാം നമ്പർ ഇതാണ്.

**"ഒന്ന്: തൗഹീദ് രണ്ടുവിധമുണ്ട്. തൗഹീദുർറുബൂബിയ്യ, തൗഹീദുൽ ഉലൂഹിയ്യ(തൗഹീദുൽ ഇബാദത്ത് എന്നും ഇതിനു പേരുണ്ട്)"**

ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ കൃതികളിലുള്ള ഇതേ വിഭജനം അതേപടി ഉദ്ധരിച്ചുകൊണ്ടാണ് നമ്മുടെ നാട്ടിലെ വഹ്ഹാബികളും തൗഹീദു പ്രസംഗിക്കുകയും എഴുതുകയും ചെയ്യാറുള്ളത്. വഹ്ഹാബികളായ മുജാഹിദു-ജമാഅത്തു വിഭാഗത്തിന്റെ കൃതികളിലെല്ലാം ഈ വിഭജനം കാണാം. ആചാര്യന്റെ ഗ്രന്ഥത്തെ അനുകരിച്ചുകൊണ്ട് മലയാളമണ്ണിൽ പ്രഥമമായി പ്രസിദ്ധീകരിച്ച കണ്ണൂരിലെ പി. അബ്ദുൽഖാദിർ മൗലവിയെഴുതിയ അത്തൗഹീദ് എന്ന ഗ്രന്ഥം ആരംഭിക്കുന്നതുതന്നെ ഇങ്ങനെയാണ്.

"ഏകത്വം توحيد في الربوبية (ഭരണാധികർത്തൃത്വത്തിലുള്ള ഏകത്വം) എന്നും توحيد في الألوهية والعبادة (ദൈവത്വത്തിലും ആരാധനയിലുമുള്ള ഏകത്വം) എന്നും തൗഹീദ് രണ്ടു വിഭാഗമാകുന്നു.(അത്തൗഹീദ് പേ: 1).

1944-ൽ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം 1945, 1947, 1972, 1978, 1980 തുടങ്ങി 2000-ങ്ങളിൽ വരെ മുജാഹിദു വിഭാഗം പുനഃപ്രസിദ്ധീകരിച്ചു വരുന്നുണ്ട്.

കേരളവഹ്ഹാബികൾ—മുജാഹിദും ജമാഅത്തും ഇതേ അടിസ്ഥാനത്തിലാണ് തൗഹീദു പഠിപ്പിക്കുന്നതെന്ന് വ്യക്തമാണല്ലോ. ഹി: 7-ാം നൂറ്റാണ്ടിൽ ഡമാസ്കസുകാരനായ ഇബ്നുതീമിയ്യയുടെ പുതിയ നിർമ്മിതിയായി രംഗത്തുവന്നതാണ് ഈ വിഭജനമെന്ന് കഴിഞ്ഞ ലക്കത്തി

ലും മുമ്പ് പലപ്പോഴും വിവരിച്ചിട്ടുണ്ട്.

## *വിശകലനം*

ഒന്ന്: തൗഹീദിന്റെ ഈ വിഭജനം ബിദ്അത്താണ്. ഖുർആനിലോ നബിവചനങ്ങളിലോ ഇങ്ങനെ രണ്ടുതരം തൗഹീദിന്റെ പരാമർശമില്ല. ഹി: 7-ാം നൂറ്റാണ്ടുവരെ തൗഹീദിനെ വിശദീകരിച്ച പണ്ഡിതമൊഴികളിലോ വിശ്വാസശാസ്ത്ര ഗ്രന്ഥങ്ങളിലോ തഫ്സീർ-ഹദീസ് ഗ്രന്ഥങ്ങളിലോ തൗഹീദിനെ ഇങ്ങനെ രണ്ടായി വിഭജിച്ചിട്ടില്ല. ഖുർആൻ-സുന്നത്തുകളുടെ അവതരണം പൂർത്തിയായ ശേഷം ഇബ്നുതീമിയ്യ വരെയുള്ള ആറു നൂറ്റാണ്ടുകളിൽ തൗഹീദിനെ ആരും പഠിപ്പിക്കുകയോ വിശദീകരിക്കുകയോ ചെയ്തിട്ടില്ലെന്നു പറയാവതല്ലല്ലോ. ഖദ്രിയ്യത്ത്, മുർജിഅത്ത്, ഖവാരിജ്, ശീഅ, മുഅ്തസിലത്ത്, മുഅത്വിലത്ത് തുടങ്ങി പല പുത്തൻവിഭാഗങ്ങൾ തൗഹീദിനെ വികലമായി അവതരിപ്പിച്ചപ്പോളെല്ലാം അഹ്ലുസ്സുന്നത്തിന്റെ ഇമാമുകൾ തൗഹീദിനെ വിശദമായി വിവരിച്ചു സമർത്ഥിച്ചിട്ടുണ്ട്. മുൻകഴിഞ്ഞതും വരാനിരിക്കുന്നതുമായ എല്ലാ ബിദ്ഈ കൈയേറ്റങ്ങളിൽ നിന്നും അഹ്ലുസ്സുന്നത്തിന്റെ വിശ്വാസതത്ത്വങ്ങളെ സംരക്ഷിക്കുന്നതിനായി രൂപം കൊണ്ട അശ്അരീ, മാതുരീദീ സരണികളിലും തൗഹീദിനെ നിർവ്വചിച്ചു വിശദീകരിച്ചിട്ടുണ്ട്. ഇതിലൊന്നും ഉലൂഹിയ്യത്ത്, റുബൂബിയ്യത്ത് എന്നു വിഭജിച്ചുകൊണ്ട് തൗഹീദിനെ ആരും വിശദീകരിച്ചിട്ടില്ല. ഇബ്നുതീമിയ്യ മാത്രം മിനഞ്ഞെടുത്ത ബിദ്അത്താണിത്. ഇതിനെയാണ് അഞ്ചു നൂറ്റാണ്ടുകൾ പിന്നിട്ട ശേഷം ഹി: 12-ാം നൂറ്റാണ്ടിൽ ഇബ്നുഅബ്ദിൽ വഹ്ഹാബ് ചരിത്രത്തിന്റെ ചവറ്റുകുപ്പയിൽ നിന്ന് മാന്തിയെടുത്ത് അവതരിപ്പിച്ചത്.

രണ്ട്: ഇസ്ലാമിക തൗഹീദിന്റെ സമ്പൂർണ്ണ പ്രഖ്യാപന വാക്യമായ ലാഇലാഹഇല്ലല്ലാ എന്ന കലിമതുത്തൗഹീദ് ഈ വിഭജനപ്രകാരം തൗഹീദിന്റെ കലിമ (സമ്പൂർണ്ണ വാക്യം) അല്ലാതാകും. തൗഹീദിന്റെ അർദ്ധഭാഗത്തെ മാത്രമേ ആ വാക്യം പ്രതിഫലിപ്പിക്കുന്നുള്ളൂവല്ലോ! അല്ലാഹുവല്ലാതെ ഇലാഹില്ല എന്ന വാക്യം അല്ലാഹുവല്ലാതെ റബ്ബില്ല എന്ന മറുഭാഗത്തെ പ്രതിനിധീകരിക്കുന്നില്ല. ഇത് ഭീമാബദ്ധമാണ്. നബി(സ്വ)യുടെ ഈ ഹദീസ് വളരെ പ്രസിദ്ധമാണ്. افضل ما قلت انا والنبيون من قبلي لااله الاالله (ഞാനും എന്റെ മുമ്പുള്ള പ്രവാചകന്മാരെല്ലാവരും പ്രഖ്യാപിച്ചതിലേറ്റവും മുന്തിയ വാക്ക് ലാഇലാഹ ഇല്ലല്ലാ എന്നതാണ്). കാരണം അതാണല്ലോ എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച തൗഹീദിന്റെ തിരുവാക്യം. വിശുദ്ധഖുർആൻ തന്നെ പ്രഖ്യാപിക്കുന്നുണ്ട് ഇത്.

ينزل الملئكة بالروح من امره على من يشاء من عباده ان انذروا انه لااله الا انا فاتقون–النحل–٢ (അല്ലാഹു തന്റെ വേണ്ടുക പ്രകാരം വഹ്‌യുമായി തന്റെ അടിയങ്ങളിൽ നിന്നു താനുദ്ദേശിച്ചു തെരഞ്ഞെടുക്കുന്നവരുടെ മേൽ മലക്കുകളെയിറക്കി നിർദ്ദേശിക്കുന്നു: നിങ്ങൾ ഞാനല്ലാതെ ഒരു ഇലാഹുമില്ലെന്നും അതിനാൽ എന്നെ പേടിക്കണമെന്നും അവിശ്വാസികളെ അറിയിച്ചു താക്കീതു ചെയ്യു ക. സൂറ: നഹ്ൽ-2) شهدالله انه لااله الا هو والملئكة واولوالعلم – آل عمران–١٨ (അല്ലാഹു തന്റെ സൃഷ്ടികൾക്ക് സുദൃഢമായി അറിയിച്ചു കൊടുക്കുന്നു: അല്ലാഹുവല്ലാതെ ഒരിലാഹുമില്ലെന്ന്. തന്റെ മലക്കുകളും അറിവുള്ളവരായ സകലനബിമാരും സത്യവിശ്വാസികളും ഇതുതന്നെ സമ്മതിച്ചു സാക്ഷ്യം വഹിക്കുന്നു.)

അല്ലാഹുവല്ലാതെ ഇലാഹില്ല എന്ന തൗഹീദിന്റെ പ്രഖ്യാപനമാണ് അല്ലാഹുവും പരിശുദ്ധ മലക്കുകളും മുഴുവൻപ്രവാചകന്മാരും അവരുടെ സത്യവിശ്വാസികളായ അനുയായികളുമെല്ലാം തൗഹീദിന്റെ വാക്യമായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. തൗഹീദിന്റെ അർദ്ധഭാഗം മാത്രമേ ഇതുൾക്കൊള്ളുന്നുള്ളൂവെങ്കിൽ മറ്റേഭാഗത്തെ പ്രഖ്യാപിക്കുന്ന വാക്യം ഇനിയേതാണ്? രണ്ടു ഭാഗത്തെയും കൂടി ഉൾക്കൊള്ളുന്ന ഒരു സമ്പൂർണ്ണ കലിമത്തുത്തൗഹീദ് ഇവർ കണ്ടെത്തി പഠിപ്പിക്കേണ്ടിയിരിക്കുന്നു.

### രണ്ടാം തത്ത്വം

വഹ്ഹാബിസത്തിന്റെ തൗഹീദിലെ രണ്ടാം തത്ത്വം ഇപ്രകാരമാണ്.

**"തൗഹീദുൽ ഉലൂഹിയ്യത്താണ് അല്ലാഹുവിന്റെ ദൂതന്മാരെല്ലാം പഠിപ്പിച്ചത്. നൂഹ് നബി മുതൽ നമ്മുടെ നബി വരെയുള്ള എല്ലാവരുടെയും ആഗമനം ഈ തൗഹീദിലേക്കു ക്ഷണിക്കുന്നതിനും ഇതു പ്രബോധനം ചെയ്യുന്നതിനുമാണ്.**

മലയാളത്തിലെ അത്തൗഹീദും ഇക്കാര്യം പറയുന്നതു കാണുക: "പ്രവാ

ചകന്മാർ ലോകത്ത് അവതരിച്ചത് ലോകസ്രഷ്ടാവും നാഥനും അല്ലാഹുവാണെന്നുള്ളതിനെ പ്രബോധനം ചെയ്യുന്നതിനായിട്ടല്ല. നേരെമറിച്ച് ആരാധന ദൈവത്തിനു മാത്രമേ ആകാവൂ എന്നു ജനങ്ങളെ ഉദ്ബോധിപ്പിക്കുവാനും അതിനെ സ്ഥാപിക്കാനുമായിട്ടായിരുന്നു.'' (പേ: 32)

## *വിശകലനം*

നൂഹ്നബി മുതൽ മാത്രമല്ല, ആദം നബി മുതൽ തന്നെ നമ്മുടെ നബിവരെയുള്ള എല്ലാ പ്രവാചകന്മാരും ഏതു തൗഹീദാണോ പഠിപ്പിച്ചത്, അതുതന്നെയാണ് ഇസ്‌ലാം ദീനിന്റെ തൗഹീദ്. തൗഹീദിന്റെ കാര്യത്തിൽ നബിമാർക്കിടയിൽ യാതൊരു വ്യത്യാസവുമില്ല. ആ തൗഹീദ് ലാഇലാഹ ഇല്ലല്ലാ എന്ന വാക്കിന്റെ ഉള്ളടക്കമായിരുന്നുവെന്ന് നാം ഗ്രഹിച്ചു. എന്നാൽ, തൗഹീദു വിഭജനക്കാർ ഇതിനെ തൗഹീദിന്റെ അർദ്ധഭാഗമായി ജല്പിക്കുന്നത് തികഞ്ഞ അജ്ഞത കൊണ്ടാണ്. തൗഹീദുർറുബൂബിയ്യത്ത് എന്ന പേരിൽ തങ്ങൾ പകുത്തെടുത്ത ഭാഗത്തിന് എന്തു തെളിവാണുള്ളതെന്നാണ് ഇവർ വ്യക്തമാക്കേണ്ടത്. ഈ രണ്ടാം തത്ത്വത്തിനായി അവർ മിനഞ്ഞെടുത്ത മറ്റൊരു ജല്പനമാണ് മൂന്നാമത്തെ തത്ത്വം. അതിങ്ങനെ ഉദ്ധരിക്കാം.

<u>മൂന്നാം തത്ത്വം</u>

**''തൗഹീദുർറുബൂബിയ്യത്ത് കാലാകാലങ്ങളിലുള്ള ബഹുദൈവ വിശ്വാസികളെല്ലാം അംഗീകരിച്ചിരുന്നതാണ്. തൗഹീദുൽ ഉലൂഹിയ്യത്താണ് അവരെല്ലാം നിരാകരിച്ചിരുന്നത്.''**

മലയാളത്തിലെ അത്തൗഹീദുകാരൻ കുറിക്കുന്നു:

''ഭരണകർത്തൃത്വത്തിലുള്ള ഏകത്വമെന്നത് ലോകനിയന്ത്രണത്തിലും ആഹാരാദിവിഭവങ്ങൾ നല്കുന്നതിലും സൃഷ്ടിസംഹാരങ്ങളിലും മറ്റുമുള്ള അധികാരത്തെ സംബന്ധിച്ച ഏകത്വം. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ, ലോകത്തിന്റെ സൃഷ്ടാവും അതിനെ പരിപാലിക്കുന്നവനും ആഹാരം നല്കുന്നവനും അല്ലാഹു മാത്രമാകുന്നു. ഈ ഏകത്വത്തെ ബഹുദൈവാരാധകന്മാർ നിഷേധിച്ചിരുന്നില്ല. ഈ ഏകത്വത്തിൽ അവർ അല്ലാഹുവിന്നു സമന്മാരെ ഉണ്ടാക്കിയതുമില്ല. നേരെമറിച്ച്, അവരും ഈ ഏകത്വത്തിൽ വിശ്വസിക്കുകയാണു ചെയ്തത്.''(പേ: 1)

''ദൈവം സൃഷ്ടാവാണെന്നും നിയന്താവാണെന്നും സംരക്ഷിതാവാണെന്നുമുള്ള വസ്തുത യാതൊരു ജനസമുദായക്കാരും നിഷേധിച്ചിരുന്നില്ല. സൃഷ്ടിക്കുക, നിയന്ത്രിക്കുക, സംരക്ഷിക്കുക എന്നീ സംഗതികളിൽ അവന്നു പങ്കുകാരായ യാതൊരുത്തരുമില്ലെന്ന് അവർ സമ്മതിച്ചു പറയുകയും ചെയ്തിരുന്നു.'' (പേ: 22).

## *വിശകലനം*

അല്ലാഹുവിനുപുറമെ മറ്റു റബ്ബുകളിൽ (ارباب) ഒരു നബിയുടെ കാലത്തും ഒരു ജനസമൂഹവും വിശ്വസിച്ചിട്ടില്ലെന്നും അല്ലാഹുവിനോടൊപ്പം മറ്റു ഇലാഹുകളിൽ (آلهة) മാത്രമേ അവർ വിശ്വസിച്ചിട്ടുള്ളൂവെന്നും ഒരു തെറ്റായ ധാരണയും സങ്കല്പവും വച്ചുകൊണ്ടാണ് ഈ തത്ത്വം നിർമ്മിച്ചിട്ടുള്ളത്. അതായത്, തങ്ങളുടെ പൂജാദൈവങ്ങളെ ആലിഹത്തെന്നു മാത്രമേ എക്കാലത്തും ബഹുദൈവവിശ്വാസികൾ വിശേഷിപ്പിച്ചിട്ടുള്ളൂവെന്നും അർബാബുകളെന്ന് വിശേഷിപ്പിച്ചിരുന്നില്ലെന്നും ഇവർ തെറ്റിദ്ധരിക്കുകയും മറ്റുള്ളവരിൽ ഇത് അടിച്ചേല്പിക്കുകയും ചെയ്യുകയാണ്. യഥാർത്ഥത്തിൽ റബ്ബ്, ഇലാഹ് എന്നീ പദങ്ങളെക്കുറിച്ചുള്ള ശരിയായ അവബോധമില്ലായ്മയാണ് വഹ്ഹാബികളെ-അവരുടെ ആചാര്യന്മാരെപ്പോലും- അബദ്ധത്തിൽ വീഴ്ത്തിയിട്ടുള്ളത്. രണ്ടു വാക്കിന്റെയും ഭാഷാർത്ഥം വ്യത്യസ്തമാണെങ്കിലും പ്രയോഗാർത്ഥം ഒന്നുതന്നെയാണെന്ന വസ്തുത ഇവർ വിസ്മരിക്കുകയാണ്. ഇതുകൊണ്ടാണ് റബ്ബ് എന്നതിന്റെ സ്രഷ്ടാവ്, നിയന്താവ്, പരിപാലകൻ എന്നിങ്ങനെയുള്ള അർത്ഥത്തിന്മേൽ അള്ളിപ്പിടിച്ചുകൊണ്ട് ഇവർ ചർച്ച നടത്തുന്നത്. യഥാർത്ഥത്തിൽ ആ വാക്കിന്റെ ആദ്യഭാഷാർത്ഥം ഇതാണെങ്കിലും പിന്നീട് مالك(യജമാനൻ, ഉടമസ്ഥൻ) എന്ന പ്രയോഗാർത്ഥത്തിൽ ഈ വാക്ക് ഭാഷയിൽ തന്നെ വ്യാപകമായിട്ടുണ്ട്. സൃഷ്ടിക്കുക, പരിപാലിക്കുക എന്നിതുകളൊന്നും പരിഗണിക്കാതെ തന്നെ സയ്യിദ്(യജമാനൻ), മാലിക്(ഉടമസ്ഥൻ) എന്നീ അർത്ഥങ്ങൾക്ക് ഭാഷയിൽ തന്നെ ഈ വാക്കുപയോഗിക്കാറുണ്ട്.

ഈ വസ്തുത ഫാതിഹ സൂറത്തിലെ رب العالمين എന്ന വാക്യത്തെ വിശദീകരിക്കുമ്പോൾ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം വിവരിച്ചിട്ടുള്ളതാണ്. ഇബ്നുജരീറിനിത്വബ്രീ മുതൽ ജലാലൈനിവരെയുള്ള എല്ലാവരും ഇതു വ്യക്തമാക്കിയിട്ടുണ്ട്. തഫ്സീറുത്വബ്രിയിൽ വിവരിക്കുന്നതു കാണുക.

فإن الربّ في كلام العرب متصرف على معان فالسيّد المطاع فيهم يدعى ربّا....... والرجل المصلح للشيء يدعى ربّا......والمالك للشيء يدعى ربّه. وقد يتصرّف ايضا معنى الربّ في وجوه غير ذلك، غير انها تعود الى بعض هذه الوجوه الثلاثة. فربّنا جلّ ثنائه: السيّد الّذي لاشبه له، ولامثل في مثل سودده، والمصلح امر خلقه بما اسبغ عليهم من نعمه، والمالك الّذي له الخلق والأمر

(അറബികളുടെ സംസാരത്തിൽ റബ്ബ് എന്ന ശബ്ദം പല അർത്ഥങ്ങളുടെ മേൽ വരും. സ്വീകാര്യനും അനുസരിക്കപ്പെടുന്നവനുമായ ഒരു നേതാവിന് റബ്ബെന്നു

*യഥാർത്ഥത്തിൽ റബ്ബ്, ഇലാഹ് എന്നീ പദങ്ങളെക്കുറിച്ചുള്ള ശരിയായ അവബോധമില്ലായ്മയാണ് വഹ്ഹാബികളെ-അവരുടെ ആചാര്യന്മാരെപ്പോലും- അബദ്ധത്തിൽ വീഴ്ത്തിയിട്ടുള്ളത്. രണ്ടു വാക്കിന്റെയും ഭാഷാർത്ഥം വ്യത്യസ്തമാണെങ്കിലും പ്രയോഗാർത്ഥം ഒന്നുതന്നെയാണെന്ന വസ്തുത ഇവർ വിസ്മരിക്കുകയാണ്. ഇതുകൊണ്ടാണ് റബ്ബ് എന്നതിന്റെ സ്രഷ്ടാവ്, നിയന്താവ്, പരിപാലകൻ എന്നിങ്ങനെയുള്ള അർത്ഥത്തിന്മേൽ അള്ളിപ്പിടിച്ചുകൊണ്ട് ഇവർ ചർച്ച നടത്തുന്നത്.*

പറയും....... ഒരു വസ്തുവിനെ നേരാംവണ്ണം അതിനെ നന്മയിൽ കൊണ്ടുനടക്കുന്നയാൾക്ക് റബ്ബെന്നു പറയും...... ഒരു വസ്തുവിന്റെ ഉടമസ്ഥൻ ആ വസ്തുവിന്റെ റബ്ബെന്നു വിളിക്കപ്പെടും. ഇതല്ലാതെ പലവിധത്തിലും റബ്ബെന്ന വാക്ക് കൈകാര്യം ചെയ്തുവരാറുണ്ട്. പക്ഷേ, ആ അർത്ഥങ്ങളെല്ലാം പ്രസ്തുത മൂന്ന് അർത്ഥങ്ങളിൽ ഏതെങ്കിലുമൊന്നിലേക്കു മടങ്ങും. അപ്പോൾ നമ്മുടെ റബ്ബ്, സദൃശനില്ലാത്ത-നേതൃത്വത്തിൽ തുല്യനില്ലാത്ത നേതാവാണ്(സയ്യിദ്), തന്റെ സൃഷ്ടികളുടെ കാര്യങ്ങൾ താൻ സമ്പൂർണ്ണമായും നല്കുന്ന അനുഗ്രഹങ്ങൾ കൊണ്ട് നേരാംവണ്ണം നടത്തിപ്പോരുന്നവനാണ്(മുസ്ലിഹ്), സൃഷ്ടിപ്പും കാര്യവുമുള്ള യഥാർത്ഥ ഉടമസ്ഥനും യജമാനനുമാണ്. (മാലിക്)-തഫ്സീറുത്വബ്രി 1-91,92.)

ഭാഷാപണ്ഡിതനായ സമഖ്ശരി(زمخشري) പറയുന്നു:

الرب المالك.....ولم يطلق الرب الاّفي الله وحده وهو في غيره على التقيد بالإضافة – الكشاف ١٨

(റബ്ബ് എന്നാൽ യജമാനൻ, ഉടമസ്ഥൻ എന്നാണർത്ഥം........ എന്നാൽ, റബ്ബെന്നു നിരുപാധികം അല്ലാഹുവിനെക്കുറിച്ചു മാത്രമേ അവർ പറയാറുള്ളൂ. അല്ലാഹുവല്ലാത്തവരെക്കുറിച്ച് ഇന്നിന്നതിന്റെ റബ്ബ് എന്ന് ഏതെങ്കിലും വസ്തുവിലേക്ക് ചേർത്തി സോപാധികമാണ് അവരുപയോഗിക്കാറുള്ളത്-അൽകശ്ശാഫ് 1-8)

ഇമാം അബുസ്സുഊദ്(റ) വിവരിക്കുന്നു.

سمّي به المالك لأنّه يحفظ ما يملكه ويربّيه....... تفسير ابي السعود ١-١٣

(വളർത്തുക, പരിരക്ഷിക്കുക എന്നർത്ഥമുള്ള റബ്ബ് എന്ന വാക്കിനെ യജമാനൻ, ഉടമസ്ഥൻ എന്നതിന്റെ നാമമാക്കപ്പെട്ടു. കാരണം, ഏതൊരു യജമാനനും തന്റെ ഉടമസ്ഥതയിലുള്ള വസ്തുവിനെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുമല്ലോ. തഫ്സീർ അബുസ്സുഊദ് 1-13).

ഇമാം ജലാലുദ്ദീനിസ്സുയൂഥി(റ) കുറിക്കുന്നു:

رَبّ العالمين: اي مالك جميع الخلق من الإنس والجنّ والملئكة والدواب وغيرهم
–جلالين

(ലോകരുടെ റബ്ബെന്നാൽ എല്ലാ സൃഷ്ടികളുടെയും യജമാനൻ എന്നാണർത്ഥം. മനുഷ്യൻ, ഭൂതം, മലക്കുകൾ, മൃഗങ്ങൾ തുടങ്ങി എല്ലാവരുടെയും ഉടമസ്ഥൻ-തഫ്സീർ ജലാലൈനി 1-1)

ഇങ്ങനെ വളർത്തുക, സംരക്ഷിക്കുക(تربية)എന്നർത്ഥമുള്ള റബ്ബ് എന്ന ശബ്ദം പ്രയോഗാർത്ഥത്തിൽ യജമാനൻ-ഉടമസ്ഥൻ, നേരാംവണ്ണം നടത്തിപ്പോരുന്നവൻ, അനുസരിക്കപ്പെടുന്ന നേതാവ് എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ ഭാഷയിൽ തന്നെ വ്യാപകമായി ഉപയോഗിച്ചു വരുന്നതാണ്. എന്നാൽ നിരുപാധികം റബ്ബെന്ന് അല്ലാഹുവിനെക്കുറിച്ചു മാത്രമേ അറബികളുപയോഗിക്കാറുണ്ടായിരുന്നുള്ളൂ. വീടിന്റെ ഉടമ, ഗ്രന്ഥത്തിന്റെയുടമ എന്നതിന് رب الدار، رب الكتاب എന്നിങ്ങനെ സോപാധികമായാണ് ഉപയോഗിച്ചു വരുന്നത്. ശർഇലും റബ്ബെന്നു സോപാധികമായല്ലാതെ അല്ലാഹുവല്ലാത്തവരെക്കുറിച്ച് ഉപയോഗിക്കരുതെന്ന് വിലക്കിയിട്ടുണ്ട്. അതേസമയം, റബ്ബിന്റെ ബഹുവചനമായ അർബാബ് എന്ന വാക്ക് അല്ലാഹുവിനെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചുമെല്ലാം നിരുപാധികം തന്നെ ഉപയോഗിച്ചു വന്നിരുന്നു. ശർഇലും അതിനു വിലക്കില്ല. ഇമാം അബുസ്സുഊദ് (റ) കുറിക്കുന്നു:

وامّا الأرباب فحيث لم يكن اطلاقه على الله جاز في اطلاقه الإطلاق والتقييد كما
في قوله تعالى أأرباب متفرّقون خير–الآية. تفسير ابي السعود

(അർബാബ് എന്ന വാക്ക് അല്ലാഹുവിനെക്കുറിച്ചല്ലാതെ ഉപയോഗിക്കുമ്പോൾ നിരുപാധികമായും സോപാധികമായും ഉപയോഗിക്കാവുന്നതാണ്. 'അഅർബാബുൻ മുതഫർരിഖൂന' എന്ന ആയത്തിലുള്ളതുപോലെ-തഫ്സീർ അബുസ്സുഊദ്: 1-13)

ഇന്നും അറബു നാടുകളിൽ പണിയെടുക്കുന്നവർ തങ്ങളുടെ മുതലാളിയെ എന്റെ അർബാബ്, അവന്റെ അർബാബ് എന്നു പറയാറുണ്ടല്ലോ. ഇതൊന്നും സ്രഷ്ടാവ്, പരിപാലകൻ, നിയന്താവ് എന്ന അർത്ഥത്തിലല്ല. യജമാനൻ, ഉടമസ്ഥൻ, കാര്യങ്ങൾ നോക്കിനടത്തുന്നയാൾ എന്നിങ്ങനെയുള്ള റബ്ബിന്റെ പ്രയോഗാർത്ഥപ്രകരമാണ്. ഈ പ്രയോഗാർത്ഥമനുസരിച്ച് പൂർവ്വസമുദായങ്ങളിലെ ബഹുദൈവവിശ്വാസികൾ തന്നെ തങ്ങളുടെ പൂജാദൈവങ്ങളെ ആലിഹത്ത്-ദൈവങ്ങൾ, ആരാധ്യർ-എന്നു വിശേഷിപ്പിച്ചിരുന്നതുപോലെ അർബാബ്-യജമാനൻ, കാര്യങ്ങൾ നടത്തിപ്പോരുന്നവർ-എന്നും വിശേഷിപ്പിച്ചിരുന്നു. പക്ഷേ, അവർ തങ്ങളുടെ ഭാഷയിലായിരുന്നിരിക്കാം വിശേഷിപ്പിച്ചത്. അല്ലാഹു അതിനെ അർബാബ് എന്നു വിശേഷിപ്പിച്ചതായി തന്നെ ഉദ്ധരിച്ചിരിച്ചുതന്നിരിക്കുന്നു. വിശുദ്ധഖുർആനിൽ ഹസ്രത്ത് യൂസുഫ് നബി(അ) തന്റെ ജയിലിലെ കൂട്ടാളികളോട് ഇങ്ങനെ പറഞ്ഞതായി ഖുർആനിൽ ഇങ്ങനെ കാണാം.

ياصاحبي السّجن أأرباب متفرّقون خير ام الله الواحد القهّار. ماتعبدون من دونه
الّا أسماء سمّيتموها انتم وآبائكم ما انزل الله بها من سلطان ان الحكم الّا لله امر الّا
تعبدوا الّا ايّاه ذلك الدّين القيّم ولكنّ اكثر الناس لايعلمون

സൂറ: യൂസുഫ് 39,40 ആയത്തുകളാണിത്. ഇതിനെ ഇമാം ത്വബ്‌രീ(റ) വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്:

"അല്ലാഹു പറയുന്നു: വേറിട്ടു നില്ക്കുന്ന വിവിധ റബ്ബുകളെയും ഉപകാര

*അതിനുംപുറമെ, കാലാകാലങ്ങളിലുള്ള മുശ്‌രിക്കുകളെല്ലാം അർദ്ധതൗഹീദുകാരും അർദ്ധശിർക്കുകാരുമായിരുന്നുവെന്ന ഒരു വിചിത്രവാദം ഈ തത്ത്വത്തിൽ ഉള്ളടങ്ങിയിട്ടുണ്ടല്ലോ. അതായത്, അല്ലാഹുവിന്റെ ഉലൂഹിയ്യത്തിന്റെ കാര്യത്തിൽ അവരെല്ലാം ശിർക്കുകാരും റുബൂബിയ്യത്തിന്റെ കാര്യത്തിൽ തൗഹീദുകാരുമായിരുന്നുവെന്ന്! ഇങ്ങനെ ഒരു വാദം ഇവർക്കു മുമ്പാരും അവതരിപ്പിച്ചിട്ടില്ല.*

വും ഉപദ്രവവും ചെയ്യാത്ത ഇലാഹുകളെയും ഇബാദത്തു ചെയ്യുന്നതാണോ അതല്ല, അധികാരത്തിലും കഴിവിലും രണ്ടാമനില്ലാത്ത എല്ലാ വസ്തുക്കളെയും കീഴ്പ്പെടുത്തി ബലാൽക്കാരമായോ അല്ലാതെയോ അനുസരിപ്പിക്കുന്ന ഏകാരാധ്യനായ അല്ലാഹുവിന് ഇബാദത്തു ചെയ്യലാണോ ഏറ്റവും നല്ലത്........ നിങ്ങളും നിങ്ങളുടെ പിതാക്കളും ഇലാഹുകളെന്നും റബ്ബുകളെന്നും ബഹുദൈവവിശ്വാസപൂർവ്വം അല്ലാഹുവിനോട് സദൃശപ്പെടുത്തി പേരുവിളിച്ചിരിക്കുന്ന വസ്തുക്കളെയല്ലാതെ നിങ്ങൾ അല്ലാഹുവിനു പുറമെ പൂജിക്കുന്നില്ല! അല്ലാഹുവാണെങ്കിൽ അങ്ങനെ വിളിക്കാൻ നിങ്ങൾക്കധികാരം നല്കുകയോ തെളിവുകളിറക്കുകയോ ചെയ്തിട്ടുമില്ല. കാര്യങ്ങൾ വിധിക്കുവാൻ അല്ലാഹുവിനല്ലാതെ അധികാരമില്ല. തനിക്കല്ലാതെ മറ്റൊന്നിനും ഇബാദത്തു ചെയ്യരുതെന്നാണ് അല്ലാഹു നിർദ്ദേശിക്കുന്നത്. ഞാൻ നിങ്ങളെ ക്ഷണിക്കുന്ന തത്ത്വമാണു ശരിയായ ദീൻ. പക്ഷേ, മനുഷ്യരിൽ ഭൂരിപക്ഷമായ ബഹുദൈവവിശ്വാസികളും ഈ വസ്തുത അറിയാത്തവരാണ്.''-തഫ്സീറുത്വബ്‌രീ 7-217,218.

ഇവിടെ രണ്ടു ചോദ്യങ്ങൾ വരുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇമാം റാസി കുറിക്കുന്നു:

السؤال الأول: لم سمّاها اربابا وليست كذلك. والجواب: لاعتقادهم فيها انها كذلك، وايضا الكلام خرج على سبيل الفرض والتّقدير. والمعني انها ان كانت اربابا فهي خير ام الله الواحد القهار.

(യൂസുഫ് നബി(അ) അവരുടെ ദൈവങ്ങളെ അർബാബുകളെന്നു വിളിച്ചതെന്തിനാണ്? അവ അർബാബുകളല്ലല്ലോ എന്നാണ് ഒന്നാം ചോദ്യം. ഇതിനു മറുപടി: ഈ ബഹുദൈവവിശ്വാസികൾ വിഗ്രങ്ങളെപ്പറ്റി അവർ റബ്ബുകളാണെന്നു വിശ്വസിച്ചിരുന്നു. ഇതു പരിഗണിച്ചാണങ്ങനെ പറഞ്ഞതെന്നാണ്. അതിനുപുറമെ, ഈ സംസാരം സാങ്കല്പികരീതിയിൽ വന്നതാണ്. അപ്പോളർത്ഥം, ഈ വിഗ്രഹങ്ങൾ റബ്ബുകളാണെങ്കിൽ തന്നെ ഇത്രയും ദൈവങ്ങളൊന്നിച്ചാണോ അതല്ല, ഏകനായ അല്ലാഹുവാണോ ഇബാദത്തിനുത്തമം? എന്നാണ്-തഫ്സീർറാസി: 18-141.)

ചുരുക്കത്തിൽ, യൂസുഫ്നബി(അ)യുടെ കാലത്തെ ബഹുദൈവവിശ്വാസികൾ തങ്ങളുടെ പൂജാവിഗ്രങ്ങളെ റബ്ബുകളെന്നു വിശ്വസിക്കുകയും വിശേഷിപ്പിക്കുകയും ചെയ്തിരുന്നു ഇലാഹുകളെന്നു വിശേഷിപ്പിക്കുമ്പോലെത്തന്നെ. ഇതുതന്നെയാണ് എല്ലാകാലത്തെ ബഹുദൈവവിശ്വാസികളുടെയും സ്ഥിതി. തങ്ങളുടെ കാര്യങ്ങൾ നടത്തിപ്പോരുകയും തങ്ങൾക്കുപകാരവും ഉപദ്രവവും നടത്തുകയും ചെയ്യുന്ന യജമാനന്മാരാണ് തങ്ങളുടെ ദൈവങ്ങളെന്ന് എല്ലാ ബഹുദൈവിശ്വാസികളും പറയും. ഇതാണല്ലോ റബ്ബ് എന്നതിന്റെ അർത്ഥവും. ഈ വസ്തുത ഗ്രഹിക്കാതെ സ്രഷ്ടാവ്, സംരക്ഷകൻ, നിയന്താവ് എന്നിങ്ങനെയുള്ള

*പേജ് 46-ൽ*

*പഠനം പേജ് 21-ൽ നിന്ന്...*

അതിന്റെ ആദ്യ ഭാഷാർത്ഥം മാത്രം വായിച്ചും പഠിച്ചുമാണ് വഹ്ഹാബീആചാര്യന്മാർ വിഷയം തെറ്റിദ്ധരിച്ചിരിക്കുന്നത്. അതുപ്രകാരം കാലാകാലങ്ങളിലുള്ള ബഹുദൈവവിശ്വാസികൾ അല്ലാഹുവിനെ മാത്രം റബ്ബായി വിശ്വസിക്കുകയും വിശേഷിപ്പിക്കുകയും ചെയ്തിരുന്നുവെന്ന് അവർ ജല്പിക്കുകയാണ്. ഇതല്ലാതെ ഖുർആനിലോ സുന്നത്തിലോ പൂർവ്വകാലഗ്രന്ഥങ്ങളിലോ ഒന്നും അങ്ങനെ പറഞ്ഞിട്ടില്ല.

കാലാകാലങ്ങളിലുള്ള ബഹുദൈവവിശ്വാസികളെല്ലാം അല്ലാഹു മാത്രമാണ് റബ്ബെന്ന തൗഹീദ്(തൗഹീദുർറുബൂബിയ്യ:) അംഗീകരിച്ചിരുന്നവരാണെന്ന തത്ത്വത്തെ യൂസുഫ് നബിയെത്തൊട്ടുദ്ധരിച്ച മേൽഖുർആൻവാക്യം തന്നെ പൊളിക്കുന്നുണ്ടല്ലോ. ബഹുദൈവവിശ്വാസികൾ അവരുടെ വിഗ്രഹങ്ങളെ ആലിഹത്തെന്നും അർബാബെന്നും വിശേഷിപ്പിച്ചിരുന്നതായി നിരവധി ആയത്തിന്റെ തഫ്സീറുകളിൽ പൂർവ്വാകാല തഫ്സീർ ഗ്രന്ഥങ്ങളിൽ പരന്നുകിടപ്പുണ്ട്. ആലിഹത്തും അർബാബും പ്രയോഗാർത്ഥത്തിൽ ഒന്നായാണ് അവരെല്ലാം കുറിച്ചിട്ടുള്ളത്. ഇതിനെല്ലാം വിരുദ്ധമാണ് വഹ്ഹാബിസത്തിന്റെ തൗഹീദിനെ പടുത്തുയർത്താൻ വേണ്ടി ജല്പിച്ചിട്ടുള്ള ഈ മൂന്നാം തത്ത്വം.

അതിനുംപുറമെ, കാലാകാലങ്ങളിലുള്ള മുശ്രിക്കുകളെല്ലാം അർദ്ധതൗഹീദുകാരും അർദ്ധശിർക്കുകാരുമായിരുന്നുവെന്ന ഒരു വിചിത്രവാദം ഈ തത്ത്വത്തിൽ ഉള്ളടങ്ങിയിട്ടുണ്ടല്ലോ. അതായത്, അല്ലാഹുവിന്റെ ഉലൂഹിയ്യത്തിന്റെ കാര്യത്തിൽ അവരെല്ലാം ശിർക്കുകാരും റുബൂബിയ്യത്തിന്റെ കാര്യത്തിൽ തൗഹീദുകാരുമായിരുന്നുവെന്ന്! ഇങ്ങനെ ഒരു വാദം ഇവർക്കു മുമ്പാരും അവതരിപ്പിച്ചിട്ടില്ല. ഏക ഇലാഹിലുള്ള വിശ്വാസമെന്ന അർത്ഥത്തിൽ നിന്ന് ഏക ഇലാഹിനെ മാത്രം ആരാധിക്കുക എന്ന അർത്ഥത്തിലേക്ക് തൗഹീദിനെ വഴിതെറ്റിക്കുന്നതിനു വേണ്ടി മിനഞ്ഞുണ്ടാക്കിയ തത്ത്വങ്ങളാണിതെല്ലാം. ഇനിയുള്ള തത്ത്വങ്ങളുദ്ധരിച്ചു വിശകലനം ചെയ്യുമ്പോൾ കാര്യം കൂടുതൽ വിശദീകരിക്കാം. ഇൻശാഅല്ലാഹ്...


ഉടൻ പുറത്തിറങ്ങുന്നു

തിരുമുടി വിവാദങ്ങൾ

**നിവാരണം** DVD ₹

മൗലാനായുടെ ദാറുസ്സുന്നഃ പ്രഭാഷണം

**ബദ്റിന്റെ ഓർമ്മകൾ** VCD ₹60

മൗലാനായുടെ മമ്പാട് പ്രഭാഷണം

വിലാസം

ദാറുസ്സുന്നഃ ഇസ്ലാമിക കേന്ദ്രം, പാഷിനിപ്പാറ.

പി. ഒ, മഞ്ചേരി - 676 122, ഫോൺ: 0483 2769031, 9744409380